LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം മ്യൂസിയം ആന്റ് സൂവിൽ ഫുൾടൈം സ്വീപ്പർ തസ്തികയിലെ ഒഴിവുകൾ

16 [2996] *ശ്രീ. പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മ്യൂസിയം ആന്റ് സൂവിൽ ഫുൾടൈം സ്വീപ്പർ തസ്തികയിലേക്ക് ഒഴിവുകൾ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും സി1-424/2004 നമ്പറായി 20-1-2005-ൽ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് മ്യൂസിയം ആന്റ് സൂവിൽ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത ലിസ്റ്റനുസരിച്ച് മേൽ ഒഴിവുകളിലേക്ക് ഇന്റർവ്യൂ നടത്തുകയുണ്ടായോ; എങ്കിൽ എത്രപേരെ പ്രസ്തുത തസ്തികയിൽ നിയമിച്ചു;

(സി) ഇല്ലെങ്കിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും എത്ര പേരെ ഇന്റർവ്യൂ ചെയ്തുവെന്നും അറിയിക്കാമോ;

(ഡി) ഇന്റർവ്യൂ നടത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഒഴിവുകൾ അടിയന്തിരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ലിസ്റ്റ് ലഭിച്ചിട്ടുണ്ടെങ്കിലും ഇന്റർവ്യൂ നടത്തിയിട്ടില്ല.

(സി) 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്റർവ്യൂ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നേരത്തെ നടത്തിയിരുന്ന ഇന്റർവ്യൂവിന്റെ നിയമനം നടത്തേണ്ടിയിരുന്നതിനാലാണ് ഇന്റർവ്യൂ ഇതുവരെ നടത്താതിരുന്നത്. നിലവിലുള്ള ഒഴിവുകൾ നികത്താൻവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

ആദിവാസി പുനരധിവാസമിഷൻ

17 [2997] *ശ്രീ. എം. കുമാരൻ:*

„ *എൻ. രാജൻ:*

„ *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി പുനരധിവാസമിഷൻ മുഖാന്തിരം ഇതുവരെ എത്ര ആദിവാസികളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

3253 കുടുംബങ്ങളെ.